**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2247** **05-02-2026 - ൽ മറുപടിയ്ക്ക്**

**ഗുരുവായൂർ ആയുർവേദാശുപത്രി കെട്ടിട നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൻ. കെ. അക്ബർ** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഗുരുവായൂർ ആയുർവേദാശുപത്രി കെട്ടിട നിർമ്മാണത്തിന് ആരോഗ്യ വകുപ്പിൽ നിന്നും അനുവദിച്ച തുക ഉപയോഗിച്ച് കെട്ടിട നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br><br>തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ സർക്കാർ ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണത്തിന് 4 കോടി രൂപയുടെ എസ്റ്റിമേറ്റാണ് പി.ഡബ്ല്യൂ.ഡി തയ്യാറാക്കിയിരുന്നത്. ആയതിൽ 2,11,50,000/- രൂപയുടെയുള്ള ഭരണാനുമതി 2023-24 സാമ്പത്തിക വർഷത്തെ വകുപ്പിലെ പ്ലാൻ ഫണ്ട് മുഖേന അനുവദിച്ചിട്ടുണ്ട്. ഗുരുവായൂർ സർക്കാർ ആയുർവേദ ആശുപത്രി കെട്ടിടം പൂർണ്ണമായും പൂർത്തീകരിക്കുന്നതിനായി പ്ലിന്ത് ഏരിയ എസ്റ്റിമേറ്റ് പ്രകാരം 11.50 കോടി രൂപ ഏകദേശം വരുമെന്ന് പി.ഡബ്ല്യൂ.ഡി കെട്ടിട വിഭാഗം, ചാവക്കാട് അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചിരിക്കുകയാണ്. |
| (ബി) | പ്രസ്തുത കെട്ടിട നിർമ്മാണം പൂർത്തീകരിക്കുന്നതിന് ഫണ്ട് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | തൃശ്ശൂർ ജില്ലയിലെ ഗുരുവായൂർ സർക്കാർ ആയുർവേദ ആശുപത്രി കെട്ടിട നിർമ്മാണത്തിന് 2023-24 സാമ്പത്തിക വർഷത്തെ വകുപ്പിലെ പ്ലാൻ ഫണ്ട് മുഖേന എസ്റ്റിമേറ്റ് തുകയായ നാല് കോടി രൂപയിൽ 2,11,50,000/- രൂപയുടെയുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്.<br><br>ഗുരുവായൂർ എം.എൽ.എ -യുടെ 2017-18 -ലെ ആസ്തി വികസന പദ്ധതിയിൽ ഗുരുവായൂർ നഗരസഭയിലെ ആയുർവേദ ആശുപത്രിക്ക് പുതിയ കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയിൽ ഉൾപ്പെടുത്തി 72,62,000/- രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>2026-27 കേരള ബഡ്ജറ്റിൽ അനുബന്ധം II, വാല്യം II ഭരണാനുമതിയില്ലാത്ത മരാമത്ത്പണികൾ ക്രമ നമ്പർ 2260 ആയി ഗുരുവായൂർ ആയുർവേദ ആശുപത്രിക്ക് കെട്ടിട നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് 2 കോടി രൂപ അടങ്കൽ തുകയിൽ 40 ലക്ഷം രൂപ ടോക്കൺ പ്രൊവിഷനായി വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | നാഷണൽ ആയുഷ് മിഷൻ സ്കീം അനുസരിച്ച് സ്റ്റേറ്റ് ആന്വൽ ആക്ഷൻ പ്ലാനിൽ ഉൾപ്പെടുത്തി ഒരു കോടി രൂപ ഉപയോഗിച്ച് പ്രവൃത്തി പൂർത്തീകരിച്ച് കെട്ടിടം പ്രവർത്തനക്ഷമമാക്കാൻ സാധിക്കുന്ന പക്ഷം ഫണ്ട് ലഭ്യമാക്കുന്നതാണെന്ന് നാഷണൽ ആയുഷ് മിഷൻ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ